(എ) ഫൻ ടിനു—ടി ര-ൽ എത്ര ഗ്രാമങ്ങളിൽ ഗവണ്മെൻറ വൈദ്യുതീകരണം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) അതിൽ മൂവാറ്റുപുഴ താലൂക്കിൽഉള്ള ഏതെങ്കിലും ഗ്രാമങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏവ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉദ്ദേശം ൫ ൦ ൦ ഗ്രാമങ്ങളിൽ.

(ബി) ഉണ്ട്.

(സി) തെക്കൻമാറാടി, പെരുമ്പല്ലൂർ, പുമ്പക്കട, ഒണക്കൂർ എന്നീ ഗ്രാമങ്ങളും ഉൾപ്പെടുത്തുമെന്നുദ്ദേശിക്കുന്നു.

കൃഷിക്കാക്കു വളം.

✱ ൭ ൦ ൪ [൩൨] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാക്കു വളം സർക്കാരിൽനിന്നു കടമായി കൊടുക്കുന്നതിനു എന്തെങ്കിലും വ്യവസ്ഥ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ വ്യവസ്ഥ എന്താണു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) വിളവു ജാമ്യത്തിന്മേൽ കർഷകർക്കു് ആവശ്യമുള്ള വളം നൽകിവരുന്നു.

വണ്ടൻമേടു മാർക്കമായ് മൂന്നാറുക്കു ബസ്.

✱ 705. [37] ശ്രീ. തേവിയപ്പൻ: കീഴ്ക് കാണും വിഞ്ക്കളുക്കു പോക്കുവരത്തു മന്ത്രിരി അവർകൾ വിടൈ പകർവാർകളാ:

വണ്ടൻമേടു മാർക്കമായ് മൂന്നാറുക്കു ബസ്പോട എവ്വളവു കാലമാകും?

Minister for Works & Transport (**Shri Kalathil Velayudhan Nair**:) : It will take some more time. The new road connecting Kumili to Munnar *via* Vandanmedu is not yet declared fit for bus service.

ഗവണ്മെൻറുവക പരസ്യങ്ങൾ.

✱ ൭ ൦൩. [൫ ൦] ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ദിനം മുതലായിട്ടുള്ള പ്രത്യേക പതിപ്പുകൾക്കോ വാർഷികപ്പതിപ്പുകൾക്കോ ഗവണ്മെൻറുവക പരസ്യങ്ങൾ സംസ്ഥാനത്തെ പത്രങ്ങൾക്കു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പത്രങ്ങൾക്കു് എത്ര സംഖ്യയ്ക്കുള്ള പരസ്യങ്ങൾ;

LIBRARY ARCHIVES Kerala Legislative Assembly